LIBRARY ARCHIVES Kerala Legislative Assembly

തീരദേശങ്ങളിലെ രാമച്ച കൃഷി

23 (1008) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിലെ രാമച്ച കൃഷിയുടെ പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷം കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുത്തി രാമച്ച കൃഷി ചെയ്യുന്നതിന് 10,000 രൂപ ഒരു ഹെക്ടറിന് എന്ന നിരക്കിൽ, 20 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് രണ്ടുലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പുവർഷം മലപ്പുറം ജില്ലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സബ്സിഡി മാർഗ്ഗരേഖയിൽ രാമച്ച കൃഷിക്ക് പ്രത്യേക സബ്സിഡി അനുവദിക്കുന്നത് പരിഗണിക്കുമോ?

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സബ്സിഡി മാർഗ്ഗരേഖയിൽ രാമച്ച കൃഷിക്ക് പ്രത്യേക സബ്സിഡി അനുവദിക്കാൻ ശിപാർശ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

കർഷകർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ

24 (1009) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് ഏതൊക്കെ കൃഷികൾക്കാണ് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നത്?

കാർഷിക സൗജന്യ വൈദ്യുതി പദ്ധതിപ്രകാരം വൈദ്യുതി സൗജന്യത്തിനുള്ള അർഹത സംബന്ധിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

(i) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.

(ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.

(iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.

(iv) നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല.